# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3937** — **18/10/2011-ൽ മറുപടിക്ക്**

## സ്കൂളുകളിലെ പാചകത്തൊഴിലാളികളെ സ്ഥിരപ്പെടുത്താൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ : | | ശ്രീ. പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | കേരളത്തിലെ സ്കൂളുകളിൽ ഉച്ചക്കഞ്ഞിവിതരണവുമായി ബന്ധപ്പെട്ട് എത്ര പാചകത്തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്; ഇവരെ ജോലിയിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുന്നുണ്ടോ; എങ്കിൽ എത്ര പേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്; മിനിമം ശമ്പളം എത്ര രൂപയാണ്; | എ) | ഉച്ചക്കഞ്ഞി വിതരണവുമായി ബന്ധപ്പെട്ട് 13032 പാചകത്തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. ഇവരെ സ്ഥിരപ്പെടുത്തിയിട്ടില്ല. വേതനം നൽകുന്നുണ്ട്. 07.09.2011 മുതൽ ഇവരുടെ മിനിമം വേതനം 150 രൂപയാണ്. |
| ബി) | മുൻ സർക്കാർ വർദ്ധിപ്പിച്ച 150 രൂപ മിനിമം ശമ്പളം എല്ലാ സ്കൂളുകളിലും ലഭ്യമാക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഏതെല്ലാം സ്കൂളുകളിൽ നൽകുന്നില്ല; പ്രസ്തുത തുക വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | ബി) | സ്കൂൾ പാചകത്തൊഴിലാളികളുടെ മിനിമം കൂലി 150 രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവായത് 7.09.2011 മുതലാണ്. ഇത്തരത്തിൽ വർദ്ധിപ്പിച്ച മിനിമം കൂലി എല്ലാ സ്കൂളുകളിലും ലഭ്യമാക്കുന്നുണ്ട്. പ്രസ്തുത തുക ഉടൻ വർദ്ധിപ്പിക്കാൻ തത്ക്കാലം ആലോചനയില്ല. |
| സി) | പ്രസ്തുത തൊഴിലാളികളുടെ ശമ്പളം ഏത് ഫണ്ടിൽ നിന്നാണ് നൽകുന്നത്; ശമ്പളം എല്ലാ മാസവും മുടങ്ങാതെ നൽകുന്നുണ്ടോ; | സി) | ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കണക്ക് ശീർഷകത്തിൽ നിന്നാണ് വേതനം നൽകി വരുന്നത്. എല്ലാ മാസവും മുടങ്ങാതെ നൽകുന്നുണ്ട്. |
| ഡി) | പ്രസ്തുത തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിനും ആനുകൂല്യങ്ങൾ നൽകുന്നതിനും എന്തു നടപടിയെടുക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | ഡി) | തല്ക്കാലം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ